കെമിക്കൽ ഫാക്ടറിക്ക് അമേരിക്കൻ വായ്പ

[പി. ടി. ഐ.] ന്യൂഡൽഹി ഏ 7 ബോംബെക്കടുത്തു് താനയിൽ ഒരു വൻകിട കെമിക്കൽ ഫാക്ടറി സ്ഥാപിക്കുന്നതിനു് അമേരിക്കൻ ഗവണ്മേണ്ടു് 4.25 കോടി ഉറുപ്പിക വായ്പ അനുവദിച്ചിരിക്കുന്നു. സ്വകാര്യമേഖലയിൽ സ്ഥാപിക്കുന്ന ഈ ഫാക്ടറിയുടെ നിർമ്മാണത്തിനു് മൊത്തം 10 കോടി ഉറുപ്പിക ചിലവു് വരും.

.....

Reg: No. K. 31

തൊഴിലാളി

Founder: Father Vadakkan

Honorary Chief Editor T. O. Mathew, M. A. :: Managing Editor B. Wellington B. A.

'തൊഴിലാളി' വരിസംഖ്യ നിരക്കു്

	പോസ്റ്റേജു് ചേർത്തു്	പോസ്റ്റേജു് വേർതിരിച്ചു് വാരാന്ത്യപ്പതിപ്പു്
ഒരു കൊല്ലത്തേയ്ക്കു്	27_00	6_00
6 മാസത്തേയ്ക്കു്	13_50	3_00
1 മാസത്തേയ്ക്കു്	2_25	1_50
ഏജൻറുമാർവഴി ഒരു മാസത്തേയ്ക്കു്		
വാരാന്ത്യപ്പതിപ്പു് അടക്കം		2_10
ഒറ്റപ്രതി	0_07	0_10

മാനേജർ.

വാല്യം 12 | ലക്കം 95 | 1965 ഏപ്രിൽ 8 വ്യാഴം | തൃശ്ശൂർ | വില 7 പൈസ | പേജു് 4

കാർഷിക വികസനത്തിനു് അടിയന്തിര നടപടികളെടുക്കും

പദ്ധതികളുടെ സ്തംഭനാവസ്ഥ പരിഹരിക്കും— തൊഴിലില്ലായ്മയ്ക്കു പരിഹാരം കാണും

ഗവർണ്ണരുടെ പ്രക്ഷേപണി പ്രസംഗം

(പി ടി ഐ) തിരുവനന്തപുരം, ഏപ്രിൽ 7

സംസ്ഥാനത്തെ കാർഷികോൽപാദനം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത കേരളഗവണ്ണർ ശ്രീ. എ. പി. ജെയിൻ ഇന്നിവിടെവെച്ചു് ഊന്നിപ്പറഞ്ഞിരിക്കുന്നു. ഉടനടി ഫലം പുറപ്പെടുവിക്കുന്ന പദ്ധതികൾ ശക്തിപ്പെടുത്തുക എന്ന പ്രശ്നം അടിയന്തിരമായും കൈകാര്യംചെയ്യുവാൻ താൻ ഉദ്ദേശിക്കുന്നതായും ഗവണ്ണർ പറഞ്ഞു.

അധികാരമേറ്റെടുത്തശേഷം ഇന്നു രാത്രി നടത്തിയ തന്റെ പ്രഥമ പ്രക്ഷേപണിപ്രസംഗത്തിലാണു് ജയിൻ ഇങ്ങനെ പ്രസ്താവിച്ചതു്.

രാജ്യത്തിന്റെ മൊത്തം ശതമാനത്തേക്കാൾ തികച്ചും ഉയർന്നതാണു് കേരളത്തിലെ നെൽവിളവു്. എന്നാൽ ശാസ്ത്രീയം മെച്ചപ്പെട്ട സാങ്കേതിക വൈദഗ്ദ്ധ്യവും പ്രയോജനപ്പെടുത്തി കേരളത്തിനു കൂടുതൽ നെല്ലുല്പാദിപ്പിക്കുവാൻ കഴിയുമെന്നും അദ്ദേഹം പ്രസ്താവിച്ചു.

റബ്ബർ, കൊപ്ര, കശുവണ്ടി, സുഗന്ധദ്രവ്യങ്ങൾ തുടങ്ങി അനേകതരത്തിലുള്ള നാണ്യവിളകളും കേരളം ഉല്പാദിപ്പിക്കുന്നു. എന്നാൽ, ഇങ്ങനെയൊക്കെയാണെങ്കിൽപോലും ഭക്ഷ്യക്കാര്യത്തിൽ സ്വയം പര്യാപ്തി നേടുവാൻ മറുപോം വഴികളൊന്നുമില്ലെന്നും അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി.

അടുത്ത കൊയ്ത്തിനുമുമ്പ് മുഴുവൻ സംഭരണ-വിതരണ ഘടനയും പുനഃരാവിഷ്കരിക്കുവാൻ താനുദ്ദേശിക്കുന്നതായി ഗവണ്ണർ വെളിപ്പെടുത്തി.

വ്യവസായവികസനം

സംസ്ഥാനത്തെ ദ്രുതഗതിയിലുള്ള വ്യവസായവല്കരണത്തിന്റെ പ്രാധാന്യം പ്രത്യേകിച്ചു് തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു് വമ്പിച്ച തോതിൽസാദ്ധ്യതകളുള്ള ചെറുകിടവ്യവസായങ്ങളും ആരംഭിക്കേണ്ടതിന്റെ ആവശ്യകത ഗവർണ്ണർ ഊന്നിപ്പറഞ്ഞു.

നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളുടെ സ്തംഭനാവസ്ഥ പരിഹരിക്കുന്നതിനും പൊതുസ്വകാര്യമേഖലകളിൽ കൂടുതൽ വ്യവസായ സംരംഭങ്ങളും ആരംഭിക്കുന്നതിനും താൻ ശ്രമിക്കുന്നതായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഇടയ്ക്കിടയുള്ള രാഷ്ട്രീയ തകിടംമറിച്ചിലുകളും രാഷ്ട്രീയപ്പാർട്ടികളുടേയും ഗ്രൂപ്പുകളുടേയും ബാഹുല്യവും കേരളത്തെ സാരമായി ബാധിച്ചിട്ടുണ്ടു്. പ്രസിഡണ്ടുഭരണവും ഭരണഘടനയിൽ ആവിഷ്കരിക്കപ്പെട്ടിട്ടുള്ള ജനാധിപത്യപ്രക്രിയയുടെ ഒരു ഭാഗമാണെന്നു് ഗവണ്ണർ പൂണ്ടിക്കാട്ടി. സത്യസന്ധവും കാര്യക്ഷമവുമായ ഒരു ഭരണകൂടത്തിനു് രാഷ്ട്രീയ സ്ഥിതിഗതികൾക്കു് ഉറപ്പുവരുത്തുന്നതിൽ ഗണ്യമായ സംഭാവന നൽകാൻ കഴിയും. പക്ഷേ ജനകീയ സ്ഥാപനങ്ങളുടെ പുനഃസ്ഥാപനത്തിനു സമാധാനാന്തരീക്ഷത്തിന്റെ ഒരു വക്താവു് പറഞ്ഞു.

പ്രമേയം പ്രസിദ്ധീകരണത്തിനു നല്കിയിട്ടില്ല.

പത്രങ്ങളിലെ സമരം ഉപേക്ഷിക്കപ്പെട്ടു

[റോയിട്ടർ] ന്യൂയോർക്കു് ഏ. 7 സിററി പബ്ലിഷേഴ്സ് അസ്സോസിയേഷനുമായി ശമ്പളവർദ്ധനവുസംബന്ധിച്ചു നടത്തിയ സംഭാഷണം വിജയിച്ചതിനെത്തുടർന്നു പ്രഖ്യാപിക്കപ്പെട്ടിരുന്ന പത്രങ്ങളിലെ പണിമുടക്കു പ്രീതർഴ്സ് യൂണിയൻ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നതായി ന്യൂയോർക്കു് മേയർ മി. റോബെർട്ടു് വാഗ്നർ പ്രസ്താവിച്ചിരിക്കുന്നു.

ഇതു വിഭാഗീയതലത്തിൽ അനുരഞ്ജന ക്രമീകരണം ഏർപ്പെടുത്തിയതായി മേയർ പറഞ്ഞു. സിററിയിലെ വലിയ ന്യൂയോർക്കു് ടൈംസു് ഉൾപ്പെടെ ഏഴു ദിനപത്രങ്ങളും അടച്ചിടുന്നതിനായിരുന്നു പരിപാടിയിട്ടിരുന്നതു്.

നാഗാ സംഭാഷണം നീട്ടി

വെടിനിർത്തൽ കരാറിന്റെ കാലാവധി മേയ് 15വരെ ദീർഘിപ്പിച്ചു

ശത്രുനാഗാ പാർല്ലമെന്ററിതര പ്രതികരണം പ്രത്യാശാജനകമെന്നു് സമാധാന മൈത്രീസംഘം വക്താവു്

(പി. ടി. ഐ.) മെകൊക്ചുങ്ങു്, ഏ. 7

രണ്ടുദിവസമായി ഇവിടെ കൂടികൊണ്ടിരുന്ന നാഗാലാൻറു് സമാധാന സംഭാഷണം, വെടിനിർത്തൽ കരാറിന്റെ കാലയളവു മേയ് 15-ാംതീയതിവരെക്കു് ദീർഘിപ്പിച്ചശേഷം നീട്ടിവെച്ചിരിക്കുന്നു.

അടുത്ത സംഭാഷണം ഏപ്രിൽ 28, 29 തീയതികളിൽ നടക്കുന്നതാണെന്നു് സമാധാനമൈത്രീസംഘത്തിലെ ഒരംഗമായ മി. ബി. പി. ചാലിഹ, ഗവണ്മെണ്ടു് ഡെലിഗേഷൻ നേതാവു് മി: വൈ. ഡി. ഗുണ്ടേവിയ എന്നിവർ പൈൻസ്സീസ് ക്യാമ്പിൽവെച്ചു് പത്രലേഖകരോടു് പറഞ്ഞു.

ഇന്നലത്തെ സമാപനസംഭാഷണം നാലുമണിക്കൂർ ദീർഘിച്ചു. സംഭാഷണം സൌഹാർദ്ദവും സൌമനസ്യവും തികഞ്ഞ ഒരന്തരീക്ഷത്തിലായിരുന്നുവെന്നും അവർ പ്രസ്താവിച്ചു.

നിർത്തിവെക്കപ്പെട്ട പ്രവർത്തനങ്ങളുടെ ലംഘനം സംബന്ധിച്ചു പരാതികളേയും പ്രത്യാരോപണങ്ങളേയുംപററി അനേപക്ഷിക്കുന്നതിന്നായുള്ള കമ്മററിയിലേക്കു് നാലുപേരെ നിർദ്ദേശിച്ചിട്ടുള്ളതായി മി. ഗുണ്ടേവ്യ കൂടിപ്പിച്ചേർത്തു. ഈ പേരുകൾ ബന്ധപ്പെട്ടവരെല്ലാം അംഗീകരിച്ചു. കോഹിമായിലെ പീസ് സെൻറർ ഡയറക്ടർ മി. നവകൃഷ്ണ ചെയ്യുരി, ലോകശാന്തിസേനയുടെ ഏഷ്യൻ കൌൺസിൽ സിക്രട്ടറി ഡോ: എം, ശാമ, സർവ്വോദയ പ്രവർത്തകയായ മിസ്സ് മർജോരിയേ സൈകെസ്, ആസ്സാം സർവ്വോദയപ്രവർത്തകയായ മിസ്സിസ് അമലപ്രഭാദാസ് എന്നിവരാണു് ഈ നാലുപേർ. ആറംഗകമ്മറിയിലേക്കുള്ള സമ്മതരായ മറെ രണ്ടുപേരുടെ പേർ ചർച്ചു് നേതാക്കന്മാർ നിർദ്ദേശിക്കുന്നതായിരിക്കും.

സംഭാഷണത്തിൽ സമാധാനമൈത്രീസംഘത്തിലെ മൂന്നുപേരും മി. ഗൺദേവിയ, ഷിലുഅവൊ, നാഗാലാൻറു് ആക്ടിംങ്ങ് ചീഫ് സിക്രട്ടറി മീ. ലംഗ്ലാണ്ടു് എന്നിവരുംപങ്കെടുത്തു. ശത്രുനാഗന്മാരുടെ മൂന്നു പ്രതിനിധികളും സന്നിഹിതരായിരുന്നു.

നാഗാ പ്രശ്നത്തിനു് ഒരു പരിഹാരം കാണുന്നതിലേക്കായി സമാധാനമൈത്രീസംഘം ഉന്നയിച്ച നിർദ്ദേശങ്ങളെപ്പററി പരിഗണിക്കുന്നതിനായി കഴിഞ്ഞമാസം മദ്ധ്യനാഗാലാൻറിലെ വോഖയിൽചേർന്ന ശത്രുനാഗാ ഗവണ്മെണ്ടിന്റെ പാർല്ലമെൻററേതരാംഗങ്ങൾ അംഗീകരിച്ച പ്രമേയം ശത്രുനാഗാ പ്രതിനിധികളും സമാധാനമൈത്രീസംഘത്തെ, നേരത്തെ എല്ലിച്ചു.

പ്രമേയത്തിൽ അഭിപ്രായഭേദമുണ്ടായിട്ടുണ്ടെന്നു് ശത്രുനാഗാ പാർല്ലമെൻറിന്റെ പ്രതികരണം പ്രത്യാശാജനകവും പ്രോത്സാഹനാത്മകവുമായിരുന്നുവെന്നാണു് സമാധാനമൈത്രീസംഘത്തിന്റെ വക്താവു് പറഞ്ഞതു്.

മോസ്കോ സമ്മേളനനിർദ്ദേശത്തിനു അംഗീകാരം

(പി ടി ഐ) ന്യൂഡൽഹി, ഏ. 6

അന്തർദ്ദേശീയ പ്രസ്ഥാനത്തിൽ ഉടലായിട്ടുള്ള സൈന്യാന്തികിന്നിപ്പു് അവസാനിപ്പിക്കുന്നതിനു് ലോക കമ്യൂണിസ്റ്റു് പാർട്ടികളുടെ ഒരു സമ്മേളനം കൂടുന്നതിനെപ്രതിപാദിക്കുവാൻ മോസ്കോയിൽ ചേന്ന കൺസൾേറ്റേറീവു് മീററിംഗിന്റെ മൂന്നു വ്യവസ്ഥകളടങ്ങുന്ന നിർദ്ദേശത്തെ സങ്കീർണ്ണമായും കമ്യൂണിസ്റ്റു പാർട്ടിയുടെ (വലതു്) നേഷണൽ കൌൺസിൽ അംഗീകരിച്ചിരിക്കുന്നു.

രാജസ്ഥാനി വനിത ചൈനാചാര വലയത്തിൽ?

രാജസ്ഥാൻ നിയമസഭയിൽ ചോദ്യം

[പി ടി ഐ] ജയപ്പൂർ ഏ. 7 ഡൽഹിയിലെ ചൈനീസ് എംബസിയിൽവച്ചു് അഞ്ചാംപത്തികളുടെ കൂടെ സഭയിലെ ഒരു വനിതാംഗത്തെ കണ്ടുവെന്നുള്ള ഒരു കോൺഗ്രസ്സു് മെമ്പറുടെ ആരോപണത്തെ രാജസ്ഥാൻ വാർത്താവിതരണമന്ത്രി മഥുർദാസ്മഥുർ നിയമസഭയിൽ നിഷേധിച്ചു.

ഈ നിഗമനങ്ങളുള്ള ഒരു റിപ്പോർട്ടു് കൽക്കത്തയിലെ ഒരു ഇംഗ്ലീഷ്ദിനപത്രം ജനുവരി മൂന്നാംതീയതി പ്രസിദ്ധപ്പെടുത്തുകയുണ്ടായെന്നു് ഗോകൽപ്രസാദ് ശർമ്മ (കോണ്ട്) പറഞ്ഞു.

മന്ത്രി ആ റിപ്പോർട്ടിന്റെ ബന്ധപ്പെട്ട ഭാഗം വായിച്ചു. അതിങ്ങിനെയാണു്. 'ഒരു രാജസ്ഥാനി വനിതയടക്കം ഏതാനുംപേർ ഇടതുപക്ഷ കമ്മ്യൂണിസ്റ്റുകാരുടെ ഉപയോഗത്തിനുവേണ്ടി വാർത്തകൾ കൈവശം വച്ചിട്ടുണ്ടു്.'

ഗോകൽപ്രസാദിന്റെ ആരോപണത്തിനു് ഉപോൽബലകമായി യാതൊന്നും ഈ റിപ്പോർട്ടിലില്ല. ആ റിപ്പോർട്ടുതന്നെ ശരിയാകണമെന്നില്ല. എന്തായാലും അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണെന്നു് മന്ത്രി പറഞ്ഞു.

കെ.ടി.പി. കേന്ദ്രകമ്മറ്റി യോഗം അടുത്ത ഞായറാഴ്ച

തൃശ്ശൂർ, ഏ. 7

കർഷക-തൊഴിലാളി പാർട്ടി കേന്ദ്രകമ്മറ്റി മെമ്പർമാരുടേയും പ്രത്യേകം ക്ഷണിക്കപ്പെട്ടവരുടേയും ഒരു യോഗം ഏപ്രിൽ 11-ാംതീയതി ഞായറാഴ്ച രാവിലെ 10 മണിക്കു് ഇവിടെവെച്ചു ചേരുന്നതാണു്.

യോഗത്തിലേക്കുള്ള ക്ഷണക്കത്തുകൾ അയച്ചുകഴിഞ്ഞിട്ടുണ്ടു് കിട്ടാത്തവർ ഇതൊരു ക്ഷണക്കത്തായി കരുതി കൃത്യസമയത്തുതന്നെ എത്തിച്ചേരേണ്ടതാണെന്നു് ജനറൽ സിക്രട്ടറി ബി. വെല്ലിംഗ്ടൺ അഭ്യർത്ഥിക്കുന്നു.

പഞ്ചാബു് മുഖ്യനെതിരായി ഒപ്പിയാൻപ്രസ്ഥാനം

ഈ നീക്കത്തെ അംഗീകരിക്കുകയില്ലെന്നു് കാമരാജ്

(പി ടി. ഐ.) ന്യൂഡൽഹി, ഏ. 7

പഞ്ചാബു് കോൺഗ്രസ്നിയമസഭാകക്ഷിയുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടുന്നതിനും ചില അംഗങ്ങളും നടത്തുന്ന ഒപ്പുശേഖരണത്തെ താൻ അംഗീകരിക്കുന്നില്ലെന്നു് കോൺഗ്രസ്പ്രസിഡണ്ടു് കാമരാജ് ഇന്നലെരാത്രി ഇവിടെ പത്രക്കാരോടു് പറഞ്ഞു.

ഇന്നലെരാത്രി രണ്ടുവട്ടം കാമരാജ് പഞ്ചാബു്മുഖ്യമന്ത്രി രാംകിഷനെ കാണുകയുണ്ടായി.

പാർട്ടികാര്യങ്ങൾ ചർച്ചചെയ്യുന്നതിനു പാർട്ടിയുടെ ഒരു അടിയന്തിരസമ്മേളനം വിളിച്ചുകൂട്ടുകയെന്നതായിരുന്നു അവരുടെ ലക്ഷ്യമെങ്കിൽ അതിനു അവർക്കു പാർട്ടിനേതാവിനെ (രാംകിഷൻ) സമീപിക്കാമായിരുന്നു. രാംകിഷൻ ഇത്തരമൊരു സമ്മേളനം വിളിച്ചുകൂട്ടുന്നതിനു് വഴങ്ങാതിരിക്കുകയോ, അല്ലെങ്കിൽ അതിനു കാലവിളംബം വരുത്തുകയോ ചെയ്യുകയാണെങ്കിൽ ഒപ്പുശേഖരണക്കാരുടെ കോൺഗ്രസ്പ്രസിഡണ്ടിനെ സമീപിക്കാമായിരുന്നു.

ബുധനാഴ്ച പാർട്ടിയുടെ ഒരു സമ്മേളനം വിളിച്ചിട്ടുണ്ടെന്നു് പത്രസമ്മേളനത്തിൽ സംബന്ധിച്ചിരുന്ന രാംകിഷൻ പറഞ്ഞു. അംഗങ്ങൾക്കു് ഇഷ്ടമാണെങ്കിൽ പാർട്ടിയുടെ എതുതന്നെ യോഗങ്ങളും വിളിച്ചുകൂട്ടുവാനും താൻ ഒരുക്കമാണു്. പഞ്ചാബു് മന്ത്രിസഭ വിപുലീകരിക്കുന്നതിനെ സംബന്ധിച്ചും രാംകിഷനുമായി കാമരാജ് ചർച്ചചെയ്തു. അവസാനതീരുമാനമെടുക്കുന്നതിനു മുമ്പായി ഇതിനെസംബന്ധിച്ചു് വീണ്ടും ചർച്ചചെയ്യുന്നതാണു്. മന്ത്രിസഭാവിപുലീകരണത്തെയും, ആരൊക്കെയാണു് കൂടുതലായി എടുക്കേണ്ടതെന്നും മുഖ്യമായി തീരുമാനിക്കേണ്ടതു് മുഖ്യമന്ത്രിയാണു്.

ബുധനാഴ്ചയിലെ സമ്മേളനത്തിൽ മുഖ്യമന്ത്രിക്കെതിരായി ഒരു പ്രമേയം പാസ്സാക്കുകയാണെങ്കിൽ താങ്കളുടെ നിലപാടു് എന്തായിരിക്കുമെന്ന ചോദ്യത്തിനു് അതപ്പോഴാകട്ടെ എന്നു്'' കാമരാജ് പറഞ്ഞു.

ശ്രീനഗറിൽ വിഭാഗീയ ഹർത്താൽ

പി ടി ഐ ശ്രീനഗർ, ഏ. 7

ഇവിടെ ഇന്നലെ ഒരു വിഭാഗീയഹർത്താൽ നടന്നു. ഹജ്ജിനുശേഷം ഈ മാസാവസാനത്തോടെ ഷൈഖിനു് അബ്ദുള്ള ഇന്ത്യയിലേക്കു് മടങ്ങണമെന്നുള്ള കേന്ദ്ര ഗവണ്മേണ്ടിന്റെ തീരുമാനത്തിൽ പ്രതിഷേധിച്ചുകൊണ്ടാണു് ഹർത്താൽ ആചരിച്ചതെന്നു് ഒരു ജനാഹിത മുന്നണി വക്താവു് പറഞ്ഞു.

വിപ്ലവരോമ ആക്ഷൻകമ്മറ്റിയും ഒരു യോഗംചേർന്നു് കേന്ദ്രഗവണ്മെണ്ടിന്റെ തീരുമാനത്തെപ്പറ്റി ചർച്ചചെയ്തു.

....

ബസ്സുകൂലി വർദ്ധനയെച്ചൊല്ലി രക്തച്ചൊരിച്ചിലായി

(റോയിട്ടർ) ലീമാ, ഏ. 7

വർദ്ധിച്ച ബസ്സുകൂലിയിന്മേൽ 2 ലിവസമായി തെരുവുകളിൽ നടന്ന രക്തപങ്കിലമായ കലാപങ്ങളെ തുടർന്നു് വാരണ്ടു് ഇല്ലാതെ അറസ്റ്റുകൾ നടത്താൻ പൊലീസിനു് അധികാരം നൽകിയിരിക്കുന്നു. പ്രക്ഷോഭകാരികൾ രണ്ടാം കൊല്ലപ്പെട്ടതായും നൂറുകണക്കിനു് ആളുകൾക്കു് പരുക്കേൽക്കുകയും ചെയ്തതായി പോലീസു് സ്ഥിരീകരിച്ചു. 200 പേർ അറസ്റ്റുചെയ്യപ്പെട്ടു. കലാപത്തിനുശേഷം, പുതിയ ബസ്സു് നിരക്കു് നടപ്പാക്കുന്നതിനെ സസ്പെൻറു ചെയ്യുന്നതിനായി സെനാറ്റു് ഇന്നലെ രാത്രി വോട്ടുചെയ്യുകയുണ്ടായി. വിദ്യാർത്ഥികളെ പിരിച്ചുവിടാൻ പോലീസു് ടിയർഗ്യാസു് ഷെല്ലുകൾ പൊട്ടിച്ചു.

ബസ്സുകൾക്കു് നേരെ പെട്രോൾ ബോമ്പുകളും കല്ലുകളും എറിയപ്പെട്ടു.

മൂന്നുദിവസത്തേയ്ക്കു് രണ്ടു ബസ്സുകൾ കത്തിനശിപ്പിക്കപ്പെട്ടു.

—•—

ബെർലിൻ ഉപരോധം സഖ്യശക്തികൾ പ്രതിഷേധിച്ചു

(റോയിട്ടർ, ബോൺ, ഏ. 7

ബെർലിനുമായുള്ള സഖ്യശക്തികളുടെ വർത്താവിനിമയത്തെ തടസ്ഥപ്പെടുത്തുന്ന ശ്രമത്തിൽ പ്രതിഷേധിക്കുന്നതിനു് സോവിയറ്റു് കമ്മീഷണർക്കു് ജർമ്മനിയിലെത്തമേരിക്കൻ, ബ്രിട്ടീഷു്, ഫ്രഞ്ചു് സേനാധിപന്മാർ നല്കിയിരിക്കുന്നു.

വിയറ്റ്നാം യുദ്ധം

വിയറ്റ്കോങ്ങുകാം പിൻവാങ്ങി

ഗറില്ലാ സേനക്കു് വമ്പിച്ച നാശനഷ്ടം

8നാങ്ങിൽ കൂട്ട അറസ്റ്റുകാം

(റോയിട്ടർ) സൈഗോൺ, ഏ. 7

ഇന്നലെ നടന്ന ഏററവും കടുത്ത യുദ്ധത്തിനുശേഷം കമ്യൂണിസ്റ്റു് വിയറ്റ്കോങ്ങു് ഗറില്ലാസേന ഇന്നു് രാവിലെ തെക്കൻ വിയറ്റ്നാമിന്റെ വനാന്തരങ്ങളിൽ മറഞ്ഞു.

വെള്ളം കയറിക്കിടക്കുന്ന നെൽപാടങ്ങളിൽ കഴിഞ്ഞ ഏതാനും മാസങ്ങളായി ഈ സമരം നടക്കുകയായിരുന്നു. മൂന്നു് ദിവസത്തെ സംഘട്ടനത്തിനുശേഷം ഗറില്ലാകാം പിൻവാങ്ങിയപ്പോഴാം അവരിൽ 276 പേർ കൊല്ലപ്പെട്ടതായി കണ്ടു. 33 പേരെ ഗവണ്മേണ്ടു് സേന പിടിച്ചുടക്കുകയും ചെയ്തു.

ഗവണ്മേണ്ടു് ഭാഗത്തുനിന്നു് 20പേർ കൊല്ലപ്പെട്ടു, 71 പേർക്കു് പരിക്കുപറ്റി. ആറു് അമേരിക്കക്കാർ കൊല്ലപ്പെട്ടിട്ടുണ്ടു്.

അമേരിക്കൻ വ്യോമാക്രമണത്തിൽ കേന്ദ്രം സ്ഥിതിചെയ്യുന്ന ഡ്രാനാങ്കിൽ ഒരു ക്കൻ വിയറ്റ്നാം പൊലീസ്-പട്ടാള വിഭാഗങ്ങളും 149 പേരെ അറസ്റ്റുചെയ്തു. വീടു് വീടാന്തരം പരിശോധന നടത്തിയാണു് അവരെ പിടികൂടിയതു്. പൊട്ടിത്തെറി സാധനങ്ങളും നട്ടത്തിയ ഒരു പോർട്ടബിൾ റേഡിയോ വഹിച്ചിരുന്ന ഒരു വിയറ്റ്കോങ്ങു് കാരനെ കഴിഞ്ഞദിവസം അറസ്റ്റുചെയ്തപ്പോഴാം അയാളം നൽകിയ വിവരമനുസരിച്ചാണു് ഡാനാങ്കിലെ ഇന്നത്തെ അറസ്റ്റുകാം നടന്നതു്. അവർ ആഭ്യന്തരമന്ത്രാലയത്തിലെ അംഗങ്ങളാണെന്നാണു് അയാളം വെളിപ്പെടുത്തിയതു്. ഈ വിവരം നൽകിയ വിയറ്റ്കോങ്കാരനെ ഇന്നു നാളെയോ വെടിവെച്ചു കൊല്ലുന്നതാണെന്നു് പോലീസ് പറഞ്ഞു.

.....

ചാക് മോഡൽ പതാക നാട്ടി

[പി ടി ഐ] ന്യൂഡൽഹി, ഏ 7

കച്ചു് ഖർഹാരിനടുത്ത തരായ്ഖാനിൽ പാകിസ്ഥാൻ പതാകയോടു് സാദൃശ്യമുള്ള ഒരു പതാക നാട്ടപ്പെട്ടതു സംബന്ധിച്ചു് ഒരു കേസു് പോലീസ് റജിസ്റ്റർ ചെയ്തിട്ടുള്ളതായി. അഭ്യന്തരവകുപ്പിലെ മന്ത്രി ഹാത്തി, ഇന്നു് ലോകസഭയിൽ എഴുതികൊടുത്ത ഒരു മറുപടിയിൽ അറിയിച്ചിരിക്കുന്നു. അന്വേഷണങ്ങളം നടന്നവരികയാണു്. മാർച്ചു് 19-ാംതീയതിയാണു് തരായ്ഖാനിയിലെ ഒരു പാടത്തു് ഈ പതാക നാട്ടപ്പെട്ടിട്ടു കണ്ടതു്.

—

ഊതാണ്ടിന്റെ നിർദ്ദേശം ചെയ്തള്ളിക്കളഞ്ഞു

(പി. ടി. ഐ)

ഐക്യരാഷ്ട്രങ്ങളം ഏ. 7

വിയറ്റ്നാം പ്രശ്നത്തെ സംബന്ധിച്ചു് കൂടിയാലോചിക്കുന്നതിനു് സംപൂജ്യരാഷ്ട്രങ്ങളുടെ ഒരു സമ്മേളനം കൂടണമെന്നുള്ള ഐക്യരാഷ്ട്രസംഘടനാ സെക്രട്ടറി ജനറൽ ഊതാണ്ടിന്റെ നിർദ്ദേശം ചൈന തള്ളിക്കളഞ്ഞിരിക്കുന്നു. ചൈനയുടെ വാദം ഈ പ്രശ്നവുമായി നേരിട്ടു ബന്ധപ്പെട്ട കക്ഷികളം രണ്ടേ ഉള്ളുവെന്നാണു് അമേരിക്കയും, വിയറ്റ്നാമും വിയറ്റ്നാം സ്ഥിതിഗതികളെ സംബന്ധിക്കുന്ന ചൈനയുടെ നിലപാടു് ആംബാസിഡറിയൻ അസ്സാസിഡർ വഴി സിക്രട്ടറി ജനറലിനെ ഇന്നലെ അറിയിച്ചിട്ടുണ്ടെന്നു് നയതന്ത്രവൃത്തങ്ങളം പറഞ്ഞു.

തെക്കൻ വിയറ്റ്നാം സ്ഥിതിഗതികളിൽ പങ്കില്ലെന്നും, ഹനോയിയെ നേരിട്ടു് ഉൾപ്പെട്ടിട്ടില്ലെന്നാണു് ചൈനീസ് പ്രധാനമന്ത്രി ചൌവിനർ അഭിപ്രായം. ഈ അഭിപ്രായം ചൌ ആംബാസിഡോറിയൻ പ്രസിഡണ്ടു് ബെൻബെല്ലയുമായി ഇയ്യിടെ നടത്തിയ സംഭാഷണങ്ങളിൽ പ്രകടിപ്പിക്കുകയുണ്ടായി.

സൂചാസിങ്കിന്റെ കഴപ്പം

നീപ്പാളുമായി അസുഖമൊന്നുമില്ലെന്നു് കേന്ദ്രമന്ത്രി

(പി ടി ഐ) ന്യൂഡൽഹി, ഏപ്രിൽ 7

സൂചാസിങ്കിനെ നീപ്പാളിൽനിന്നും ഇന്ത്യയിലേയ്ക്കു കൊണ്ടുവരാൻ എടുത്തുകൊണ്ടിരിക്കുന്ന നടപടികൾക്കു് ഇന്ത്യാഗവണ്മെണ്ടിനു് നീപ്പാളീസ് ഗവ:ന്റെ 'പൂർണ്ണവിശ്വാസം' ലഭിക്കുന്നുണ്ടെന്നു് വിദേശകാര്യമന്ത്രി സ്വരൺസിങ്ങു് ഇന്നു് ലോകസഭയിൽ പ്രസ്താവിച്ചു.

വളരെ സഹായകരമായ ഒരു നിലപാടാണു് നീപ്പാളം ഗവണ്മേണ്ടു് സ്വീകരിച്ചിട്ടുള്ളതു്. ഇക്കാര്യത്തിൽ കട്ടും ഉല്പണ്ണുവകാശമില്ല.

ഇന്ത്യൻ പോലീസ് ഓഫീസർമാർ നീപ്പാളം അതിർത്തിയിൽ പ്രവേശിക്കാനിടയായ സാഹചര്യങ്ങളം അവിടത്തെ നമ്മുടെ സ്ഥാനപതി നീപ്പാളംഗവണ്മെണ്ടിനെവ്യക്തമായി ധരിപ്പിച്ചിട്ടുണ്ടെന്നു മന്ത്രി തുടർന്നു് പറഞ്ഞു. പോലീസ്നീപ്പാളീസ് അതിർത്തിയിൽ പ്രവേശിച്ചതിൽ ഇന്ത്യാഗവണ്മെണ്ടു് ഖേദം പ്രകടിപ്പിച്ചുവോ എന്നു് എൻ. ജി. രങ്കാ ചോദിച്ചു.

സൂചാസിങ്കിന്റെ എക്സ്ട്രാഡിഷ്യൻ നടപടികളിൽ നേരിടുന്ന കാലതാമസത്തിനു് വല്ല രാഷ്ട്രീയകാരണവുമുണ്ടോയെന്നു് പ്രകാശ്വീർശാസ്ത്രി അന്വേഷിച്ചു.

താമസത്തിന്റെ കാരണം രാഷ്ട്രീയമല്ലെന്നും എക്സ്ട്രാഡിഷ്യൻ നടപടികളാണെന്നും മന്ത്രി മറുപടി നൽകി.

സൂചാസിങ്കിനെ വിട്ടുകിട്ടുവാൻ പോലീസ് ഉദ്യോഗസ്ഥന്മാക്കു് 'പ്രമുഖ വ്യക്തികൾക്കുള്ള സ്പീകരണം' നൽകിയെന്നതു് ഒരു വസ്തുതയല്ലായെന്നു് മിസിസ് യശോധരൈഡ്ഡി ചോദിച്ചു. നന്ദ അവർക്കു 'സ്പീകരണം' നൽകിയില്ലെന്നു് മന്ത്രി ഹാഥി പറഞ്ഞു. ഉദ്യോഗസ്ഥന്മാർ നന്ദയെ കാണാൻ വന്നു; നന്ദ അവരെ കണ്ടു. അത്രമാത്രം.

—

ഹെവി കെമിക്കൽസ്—ഫെർട്ടിലൈസർ വ്യവസായങ്ങൾക്കു് വേജ്ബോർഡു്

[പി ടി ഐ] ന്യൂഡൽഹി, ഏ 7

ഹെവി കെമിക്കൽസ്—ഫെർട്ടിലൈസർ വ്യവസായങ്ങളിലേക്കായി ഇന്ത്യാഗവണ്മെണ്ടു് ഒരു വേജ് ബോർഡ് രൂപീകരിച്ചിരിക്കുന്നു.

ബോർഡിന്റെ കേന്ദ്രം മദിരാശിയായിരിക്കും. ശ്രീ.ശ്രീരാമമൂർത്തിയായിരിക്കും ബോർഡിന്റെ ചെയർമാൻ.

—

അഞ്ചു് മൈസൂർ എം. എൽ. എ. മാർ നിരാഹാരവ്രതം തുടങ്ങി

[പി. ടി. ഐ.] ബാങ്കളൂർ, ഏ. 7

മൈസൂർ നിയമസഭയിലെ അഞ്ചു് പീയെസ്പി അംഗങ്ങൾ ഇന്നിവിടെ വഴിയിൽ പ്രതിഷേധിച്ചു് നിരാഹാരവ്രതം തുടങ്ങിയിരിക്കുന്നു.

തൊഴിലാളി

പോസ്റ്റ്ബോക്സ് 90
ടെലഫോൺ 125
പത്രാധിപരുടെ വസതി 455

1965 ഏപ്രിൽ 8–ാംതീ- വ്യാഴം

ട്രാൻസ്പോർട്ട് പണി മുടക്കം

—o—

ഏറെക്കുറെ സ്വയംഭരണാധികാരങ്ങളുള്ള റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്നൊരു സ്ഥാപനം 1965 ഏപ്രിൽ ഒന്നാംതിയതി കേരളത്തിലുടലെടുത്തു. ഏപ്രിൽ മൂന്നാം തിയതി മുതൽ കോർപ്പറേഷനിൽപ്പെട്ട ട്രാൻസ്പോർട്ട് തൊഴിലാളികളെല്ലാം ഒരു പണിമുടക്കിലുമേർപ്പെട്ടു. കോർപ്പറേഷൻ ശിശുവിന്റെ ജനനം ഭാവിയിലേക്കു നോക്കുമ്പോൾ വളരെ ശുഭകരമല്ലെന്നു തോന്നിപ്പോകും പണിമുടക്കിനെപ്പറ്റി മന സ്സിലാക്കുമ്പോൾ. മൂന്നാം ദിവസം അവയവങ്ങളൊക്കെ തളർന്നുപോകുന്ന ശിശുവിന്റെ ഭാവിയെപ്പറ്റി പറയുമായും ഭയാശങ്കകൾ ഉണ്ടാകേണ്ടതാണല്ലൊ. ഏതായാലും മൂന്നാംതിയതി ആരംഭിച്ച പണിമുടക്ക് ഏഴാംതിയതി മിക്കവാറും നിശ്ചലമായിത്തന്നെ പിൻവലിക്കപ്പെട്ടിരിക്കുന്നു. ട്രാൻസ്പോർട്ട് കണ്ടക്ടർമാരോടു് അപമര്യാദയായി പെരുമാറി എന്നു പറയുന്നു പോലീസുദ്യോഗസ്ഥനെ സ്ഥലം മാറ്റണമെന്നുള്ള തൊഴിലാളികളുടെ ആവശ്യം ഗവൺമെണ്ട് അനുഭാവപൂർവ്വം വീക്ഷിക്കുമെന്നു് വിശ്വസിക്കാൻ ന്യായമുള്ളതായി പറയപ്പെടുന്നതു മാത്രമാണു് പണിമുടക്കിയ തൊഴിലാളികൾക്കു് കിട്ടിയ സങ്കടനിവാരണങ്ങളിലൊന്നു്. അർഹോചിതമായ കുറഞ്ഞ നിബന്ധനം നടത്തിയില്ലാതെ സ്ഥലമാറ്റപ്രശ്നം ആവിർഭവിക്കുന്നില്ലെന്നു് ഗവണ്മെണ്ടു് വക്താവിന്റെ പ്രസ്താവനയും. അതിലേക്കു് ഈ നിബന്ധനം നടത്താൻ തൃശ്ശൂർ കളക്ടർ നിയമിതായിട്ടുണ്ടെന്നു് കേൾക്കുന്നതു് ശരിയാണെങ്കിൽ സർക്കാർ നല്ലൊരു കാര്യം ചെയ്ത എന്നു സമ്മതിക്കേണ്ടിവരും.

പണിമുടക്കിനു് നിദാനമായ പ്രകോപനം ഒരു പൊതുപണിമുടക്കിനെ ന്യായീകരിക്കുന്നതാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഏതാനും കണ്ടക്ടർമാരോടു് പോലീസുദ്യോഗസ്ഥനു് അപമര്യാദയായി പെരുമാറിയെന്നു തന്നെയിരിക്കട്ടെ, അതിനുവേണ്ടി നാടു മുഴുവൻ കുട്ടിച്ചോറാക്കാൻ ഉത്തർവാദപ്പെട്ടവരെന്നു ഭിമാനിക്കുന്നവർ ശ്രമിച്ചതു് അല്പം കടന്നു പോയി. ഈ നാട്ടിൽ ആരും ആരോടും അപമര്യാദയായി പെരുമാറാതിരുന്നിട്ടുണ്ടു്. വിസ്തൃതിയെന്നോ, ജനസംഖ്യയെന്നോപോലും ആരും ആരേയും അടിസ്ഥാനം ബാധനം ചെയ്യുകയാതിരുന്നിട്ടുണ്ടു് എന്നൊക്കെ സത്യമാണു്. ഇനി അതിന്റെ ലംഘനം ആരിൽനിന്നെങ്കിലും ഉണ്ടായാൽ അതിനുള്ള പ്രതിവിധി കുറെത്തിന്റെ തോതിനനുസരിച്ചുള്ളതാകണം. എന്തെല്ലാം കഷ്ടനഷ്ടങ്ങളുണ്ടായി കേരളത്തിൽ ഈ നാലുദിവസത്തിനകത്തു്. പത്താം ക്ലാസ്സിലെ പരീക്ഷയുടെ സമയം മാറ്റിവെക്കേണ്ടിവന്ന ചില കേന്ദ്രങ്ങളിൽ. ചില വിദ്യാർത്ഥികൾക്കു് പരീക്ഷയിൽ ചേരാൻ തന്നെ സാധിച്ചില്ല. അത്യാവശ്യ മായി പോകേണ്ട സ്ഥലങ്ങളിൽ എത്താൻ കഴിവില്ലാതെ നാട്ടുകാർ വലഞ്ഞു. മരണകരമായ സുഖക്കേടു് പിടിപെട്ട വിവരം കേട്ടിട്ടു് സ്വപിതാവിനെ കാണാനൊക്കാതെ വാവിട്ടു് കരയേണ്ടിവന്ന മകനു്. യാത്രപോയ കുടുംബനാഥൻ തിരിച്ചുവന്നു കാണാത്തതുകൊണ്ടു് ക്ഷുത്തോടെ നിലവിളിച്ച വീട്ടിലുള്ളവരൊക്കെ, ആരോഗ്യപ്രദമായ അപമര്യാദക്കു് നാട്ടുകാർ കൊടുക്കേണ്ടിവന്ന വിലകളാണി തൊക്കെ.

റോഡ് ട്രാൻസ്പോർട്ട് സർവ്വീസ് രംഗത്തെ നാട്ടിലെ ഒരുത്യാവശ്യസൗകര്യമായിട്ടാണു്. ജനസംഖ്യയിൽ പകുതി ആളുകൾക്കും സ്വന്തമായി മോട്ടോർകാറുകളുള്ള അമേരിക്കയിൽ ബസ്സ്ട്രാൻസ്പോർട്ടുകാർ പണിമുടക്കിയതുകൊണ്ടു് കഴപ്പൊന്നുമില്ല. കാണുന്നിടത്തു നിന്നു യാത്രക്കാരൻ കയ്യാങ്ങാട്ടിയാൽ സ്വന്തമായ കാറു് ഓടിച്ചുപോകുന്ന കാരണം സ്ഥാനയാത്രക്കാരെയെല്ലാവരെയും എതെങ്കിലുമിടത്തു് കൊണ്ടുചെന്നാക്കാൻ അത്രപ്രയാസമില്ലെങ്കിലും ഒരുമണിക്കൂറിനകം ലണ്ടനിൽ ബസ്സ്ട്രാൻസ്പോർട്ട് തൊഴിലാളികളും പണിമുടക്കിയാൽ ആരുതന്നെ പ്രശ്നങ്ങളുണ്ടാവില്ല. ബസ്സില്ലെങ്കിൽ മറ്റു ഗതാഗതസൗകര്യങ്ങളാകുന്ന തീവണ്ടിയിലോ വിമാനത്തിലോ യാത്രചെയ്യാൻ സൗകര്യവും പണവുമുള്ള ജനങ്ങളുണ്ടെങ്കിൽ ഇത്തരം പണിമുടക്കുകൊണ്ടു് വലിയ കഴപ്പുമൊന്നുമുണ്ടാവില്ല പക്ഷെ കേരളത്തിലെ സ്ഥിതി അതല്ലല്ലൊ.

ഞങ്ങളും ഇപ്പറഞ്ഞ തിനർത്ഥം ട്രാൻസ്പോർട്ട് തൊഴിലാളികൾക്കു് പണിമുടക്കെന്ന ആയുധം ഒരിക്കലും ഉപയോഗിക്കാനേ പാടില്ല എന്ന അർത്ഥത്തിലല്ല, മാനമായി ജീവിക്കുന്നതിനുള്ള വേതനം കിട്ടുന്നതിനുവേണ്ടി, മനുഷ്യരെപ്പോലെ കഴിഞ്ഞുകൂടുന്നതിനുള്ള സേവനവ്യവസ്ഥകൾ ലഭിക്കുന്നതിനുവേണ്ടി, ജോലിസ്ഥിരതയും മറ്റും അനുപോലുള്ള ആനുകൂല്യങ്ങളും അനുവദിക്കപ്പെടുന്നതിനുവേണ്ടി അവക്കു് പണിമുടക്കേണ്ടിവന്നേക്കാം. അപ്പോഴും ജനങ്ങൾക്കു് കഷ്ടതകളുണ്ടായേക്കാം. പക്ഷെ ആ കഷ്ടതകൾക്കുമുണ്ടു് ഒരാനന്ദം. അങ്ങിനെ വരുമ്പോൾ സ്വപിതാവിനു് രോഗം പിടിപെട്ടു് മരിക്കാൻ പോകുന്ന സമയത്തു് ഒന്നു കാണാൻ സാധിച്ചില്ലെങ്കിലും ഒരു വലിയ വിഭാഗം ജനങ്ങളും മനുഷ്യരായി ജീവിച്ചുകൊള്ളട്ടെയെന്നു് മകൻ ആശ്വസിച്ചുകൊള്ളും. കടുംബനാഥൻ മടങ്ങിവന്നില്ലെങ്കിലും കടുംബാംഗങ്ങളിൽ ചിലക്കെങ്കിലും ട്രാൻസ്പോർട്ട് തൊഴിലാളിയായി വളർന്നുവരാൻ ആവശം കിട്ടും. നാട്ടുകാരുടെ ധാർമ്മികമായ പിൻതാങ്ങും സഹാനുഭൂതിയും കിട്ടിക്കൊണ്ടാണു് പണിമുടക്കുകാർ നടത്തുന്നതെങ്കിൽ പണിമുടക്കിലേർപ്പെട്ടിരിക്കുന്നവരെ സഹായിക്കാൻ നാട്ടുകാരെത്തും, നാട്ടുകാർക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ അവർ തന്നെ സന്തോഷത്തോടുകൂടി സഹിച്ചുകൊള്ളും. ട്രാൻസ്പോർട്ട് തൊഴിലാളികളും അമിതമായി സ്വന്തം കാര്യത്തിൽ വിശ്വസിച്ചു പോയി. അതിനുള്ള പ്രതിഫലം അവക്കു് കിട്ടുകയുംചെയ്തു.

....o....

റേഡിയോ

ഏപ്രിൽ 8–ാംതീ- വ്യാഴം
തിരുവനന്തപുരം, കോഴിക്കോട്ടു്, തൃശ്ശൂർ,
454.5, 441.2, 517.2 മീറ്റർ.
കാലത്തു്

6–30 മംഗളവാദ്യം, സുപ്രഭാതം
6–35 പരിപാടികളെപ്പറ്റിയുള്ള അറിയിപ്പുകൾ
6–40 വാർത്തകൾ ഇംഗ്ലീഷിൽ
6–45 ഉദയഗീതം
7–15 ഇന്നത്തെ ചിന്താവിഷയം
7–20 ഭക്തിഗീതം
7–30 വാർത്തകൾ മലയാളത്തിൽ
7–45 ഗാനമാലിക
8–00 വാർത്തകൾ ഇംഗ്ലീഷിൽ
8–15 വായ്പാട്ടു് (സംഗീതവിദ്വാൻ ഗോപിനാഥൻ)
8–45 സമാപനം

ഉച്ചതിരിഞ്ഞു്

12–30 പ്രാദേശികവാർത്തകൾ
12–35 തൊഴിലാളിമണ്ഡലം
1–05 സുഭഗസംഗീതം
1–20 വാർത്തകൾ മലയാളത്തിൽ
1–30 ലളിതഗാനങ്ങൾ (ജി. സദാശിവൻ)
1–40 വാർത്തകൾ ഹിന്ദിയിൽ
2–00 കാലാവസ്ഥാ

രാത്രി

5–30 പഞ്ചവാദ്യം (വി. എൻ. ശിവരാമമാരാർ ആൻറ് പാർട്ടി)
6–00 പ്രാദേശിക അറിയിപ്പുകൾ
6–05 പ്രാദേശികവാർത്തകൾ
6–15 നാടിൻപുറം
7–00 മലയാളപ്രഭാഷണം
7–10 ചലച്ചിത്രഗാനങ്ങൾ
7–30 വാർത്തകൾ മലയാളത്തിൽ
7–45 രാഗം, താനം, പല്ലവി
8–30 റേഡിയോ ന്യൂസ്റീൽ
8–45 വാദ്യസംഗീതം
8–50 ഇന്നത്തെപ്പാർലിമെണ്ടു്
9–00 വാർത്തകൾ ഇംഗ്ലീഷിൽ
9–15 ഡൽഹിറിലേ
9–30 ദേശീയ പരിപാടി (മലയാള ആവിഷ്കരണം)
10–10 കൊട്ടുവാദ്യം (ജി. വെങ്കിട്ടരാമ അയ്യങ്കാർ)
10–30 വാർത്തകൾ ഇംഗ്ലീഷിൽ
10–35 സമാപനം.

....

പ്രസിഡണ്ടു് ഭരണത്തിൽ പ്രതിഷേധം

[സ്വ. ലേ] പൂഞ്ഞയ്യപ്പിൽ 7

പ്രസിഡണ്ടു് ഭരണം ഏർപ്പെടുത്തിയതും രാജ്യരക്ഷാ തടവുകാരെ വിചാരണചെയ്യാതെ തടവിൽ വെച്ചുകൊണ്ടിരിക്കുന്നതിലും പ്രതിഷേധിച്ചു് ഇന്നിവിടെ ഒരു കരിങ്കൊടി പ്രകടനം നടത്തിയിരിക്കുന്നു.

അതിനുശേഷം പഞ്ചായത്തു് മെമ്പർ എ. എം. കര്യക്കോസിന്റെ (കെ. ടി. പി.) അധ്യക്ഷതയിൽ ചേർന്നയോഗം, പ്രസിഡണ്ടു് ഭരണത്തിൽ പ്രതിഷേധിക്കുന്നതും രാജ്യരക്ഷാ തടവുകാരെ വിചാരണ ചെയ്യാതെ ജയിലിൽ വെച്ചതിലും പ്രതിഷേധിക്കുന്നതുമായ പ്രമേയങ്ങൾ അംഗീകരിച്ചു.

പാപ്പുക്കര എ. 7

കോൺഗ്രസ്സിതര പ്രതിപക്ഷങ്ങളുടെ ആഭിമുഖ്യത്തിൽ ഇന്നു് പാപ്പുക്കര 'സോഷ്യൽ കോസ്റ്റുമിൽ' വെച്ചു് 'വിനിത് ആർട്സ് ക്ലബ്ബി'ന്റെ ആഭിമുഖ്യത്തിൽ കരിദിനം ആചരിച്ചിരിക്കുന്നു.

യോഗത്തിൽ ടി. ഇ. പൗലോസ് അധ്യക്ഷം വഹിച്ചു. പി. എ. സുബ്ബറാവു, [തൊഴിലാളി റ്റൂൾസ് എഡിറ്റർ] സുഗതൻ പാറത്തു. ജോസ് പ്രകാശ്, പ്രസംഗിച്ച ആർ. കെ. ശ്രീവിജയൻ നന്ദി പറഞ്ഞു.

—

ഇന്ത്യയും ചൈനയും 2

ഇന്ത്യയുമായുള്ള മധുവിധുവിന്റെ മധുരം തീർന്നപ്പോൾ മുഖംകറുത്തു

(ബി. കെ. ആചാര്യ)

ഇന്ത്യയുമായുള്ള മധുവിധു അവസാനിപ്പിക്കാൻ 1959–ൽ ചൈന കൂടുവിൽ തീരുമാനിച്ചു. അതോടൊപ്പം ഇന്ത്യയുടെ നേരെ വമ്പിച്ചൊരു സൈനിക നീക്കം ആരംഭിക്കുവാനുള്ള സാഹചര്യവും ചൈന ക്രമേണ സൃഷ്ടിച്ചുതുടങ്ങി. അങ്ങിനെ, ഇന്ത്യയുമായി കലഹത്തിലേർപ്പെടുന്നതിനുവേണ്ടി മാത്രം ചൈന അതിത്തി തർക്കം എന്ന ആശയത്തിനു് ജന്മം നൽകി.

ഇന്ത്യാ–ചൈനാ അതിത്തി വേണ്ടവിധം അടയാളപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇരുരാജ്യങ്ങളും തമ്മിൽ ഒരു അതിത്തിതർക്കം ഉണ്ടെന്നുധ്വാരണ ചൈന വലിയ പ്രചരിപ്പിച്ചുവരിക യായിരുന്നു.

സുവിദിതമായ അതിത്തികാം

ഇന്ത്യാ–ചൈനാ അതിത്തി, അതിത്തിക്കല്ലുകാംകൊണ്ടു് ഒരിക്കലും വേർതിരിച്ചിട്ടില്ലെന്നതു് സത്യം തന്നെ. എന്നാൽ, ഇരുരാജ്യങ്ങളേയും വേർതിരിക്കുന്ന അതിത്തി ലോകത്തിലെ ഏറ്റവും ഉയരം കൂടിയ പർവ്വതനിരകളിലായതിനാൽ ഇരുരാജ്യങ്ങൾക്കും ഇതാവശ്യമാണെന്നു് ഒരിക്കലും തോന്നിയിട്ടില്ല. അതിത്തി ഇപ്രകാരം വേർതിരിച്ചിട്ടില്ലെങ്കിലും, സാമ്പ്രദായികമായിട്ടു് ഇന്ത്യാ–ചൈന, അതിർത്തി മുഴുവനും പാരമ്പര്യവും ഉടമ്പടികളും മുഖേന വേർതിരിക്കപ്പെട്ടിട്ടുണ്ടു്, മാത്രമല്ല, ഈ വിഷയത്തെ കുറിച്ചു് ഇന്ത്യയും ചൈനയും തമ്മിൽ ഇതിനു മുമ്പൊരിക്കലും യാതൊരു തർക്കവും ഉണ്ടായിട്ടുമില്ല.

1954–ൽ തിബത്തിനെ സംബന്ധിച്ചു കരാർ പുതുക്കുന്നതിനു് ഇരുരാജ്യങ്ങളും നടത്തിയ സുദീർഘമായ കൂടിയാലോചനകളിലൊരിക്കലും ചൈനയാതൊരു അതിത്തിപ്രശ്നവും ഉന്നയിക്കുകയുണ്ടായില്ല. 1939–ലും ഇന്ത്യാ–ചൈനാ അതിത്തിയിൽ അങ്ങിങ്ങായി രണ്ടോ മൂന്നോ ഔപമൽ നീളത്തിൽ ചില്ലറ നീക്കുപോക്കുകൾ ചൈന ആവശ്യപ്പെട്ടിരുന്നുവെങ്കിൽ, ഇന്ത്യയും ചൈനയും തമ്മിലുള്ള സമാധാന–സൗഹൃദബന്ധങ്ങൾക്കു് വലിയ പ്രാധാന്യം കല്പിച്ചിരുന്ന ശ്രീ. നെഹ്റു അതിനു് തീച്ചയായും അനുമതി നൽകുമായിരുന്നു. പക്ഷെ, ഇതുപോലെയുള്ള തത്വങ്ങൾക്കു് യോജിക്കുമായിരുന്നില്ല. അതിനാൽ ഒരു അതിത്തി തർക്കത്തിനുപകരം ഇന്ത്യയുടെ പ്രദേശത്തിന്മേൽ അസാധ്യമായൊരു അവകാശവാദം യ ക്കുകയാണു് ചൈന ചെയ്തതു്.

ചൈന 50000 ചതുരശ്ര മൈൽ അവകാശപ്പെടുന്നു

1959 സെപ്റ്റംബർ എട്ടാം തിയ്യതി പ്രധാനമന്ത്രി ശ്രീ. നെഹ്റുവിനയച്ച കത്തിൽ മി. ചൗ–എൻ–ലായ് ഇടം പ്രഥമമായി 50000 ചതുരശ്രമൈൽ ഇന്ത്യൻ പ്രദേശത്തിന്മേൽ ഏകദേശം ഇംഗ്ലണ്ടിന്റെ മൊത്തം വിസ്തീർണ്ണം വരും അതു് അവകാശവാദം ഉന്നയിക്കുകയുണ്ടായി.

സമാധാനപരമായ മാർഗ്ഗങ്ങൾക്കു് വഴിയ പ്രാധാന്യം കല്പിച്ചിരുന്ന ഇന്ത്യൻ പ്രധാനമന്ത്രി 1960 ഏപ്രിലിൽ ചൈനീസ് പ്രധാനമന്ത്രി ചൗ എൻലായിയെ കാണുകയുണ്ടായി. പക്ഷെ, അതിത്തി സംബന്ധമായ അവകാശവാദത്തിൽനിന്നു് ഒരു അണുരപോലും വ്യതിചലിക്കുവാൻ ചൗ എൻ ലായ് കൂട്ടാക്കിയില്ല. ഈ കൂടിക്കാഴ്ചയുടെ ഫലമായി, ബന്ധപ്പെട്ട രേഖകളും ഭൂപടങ്ങളും പരിശോധിച്ചു് ഒരു സംയുക്ത റിപ്പോർട്ടു് തയ്യാറാക്കുവാൻ ഇരു ഗവർമെണ്ടുകളുടേയും ഉദ്യോഗസ്ഥന്മാർ സമ്മേളിക്കണമെന്നു് തീരുമാനിക്കപ്പെട്ടു.

സുദീർഘമായ പരിശോധനാവേളയിൽ, നിലവിലുള്ള അതിത്തിയുടെ സ്വായത്ത തെളിയിക്കുവാൻ അസംഖ്യം ഭൂപടങ്ങളും രേഖകളും ഇന്ത്യൻ ഉദ്യോഗസ്ഥന്മാർ ഹാജരാക്കിയപ്പോൾ, തങ്ങളുടെ അവകാശവാദത്തെ തെളിയിക്കുന്നതിനു് യാതൊന്നും ഹാജരാക്കുവാൻ ചൈനീസ് ഉദ്യോഗസ്ഥന്മാർക്കു് കഴിഞ്ഞില്ല. ചൈനയുടെ സിങ്കിയാങ്ങ് പ്രവിശ്യയുടെ തെക്കെ അതിർത്തിയായ കാരാകോറം പർവ്വതനിരയുടെ ഏതാണ്ടു് മധ്യഭാഗത്തിനടുത്തുവരെ വ്യാപിച്ചിട്ടില്ലെന്നും 19–ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ അവ തെക്കോട്ടായും വടക്കു മാത്രമേ ഉണ്ടായിരുന്നുള്ളൂ വെന്നും ഇന്ത്യൻ പ്രതിനിധികൾ വ്യക്തമാക്കുകയുണ്ടായി, ലഡാക്കിലെ ജയ്സായ്ചിൻ പീഠഭൂമിയും ലീഗ് സിതാംഗ് സമതലവും ഒരിക്കലും ചൈനയുടെ ഭാഗമായിരുന്നില്ലെന്നു് ഈ പ്രതിനിധികൾ വ്യക്തമായി സ്ഥാപിച്ചിട്ടുണ്ടു്. തങ്ങളുടെ "സാമ്രാജ്യസ്ഥാപന" പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുവേണ്ടി ബ്രിട്ടീഷുകാർ ഇന്ത്യൻ പ്രദേശത്തു് ചൈനയുടെ വലിയ ഭാഗങ്ങൾ കൂട്ടിച്ചേർത്തുവയ്ക്കുവാണു് ഈ പ്രതിനിധികളാണെന്ന തങ്ങളുടെ വാദഗതി ആണയിട്ടു പ്രഖ്യാപിക്കുവാൻ മാത്രമേ ചൈനീസ് ഉദ്യോഗസ്ഥന്മാർക്കു് സാധിച്ചുള്ളൂ. എന്നാൽ, തപാൽ ആഫീസുകളിൽപ്പെടുന്ന ചൈനീസ് പുസ്തകങ്ങളിലും മറ്റും പ്രസിദ്ധീകരിച്ച ഭൂപടങ്ങളും ഹാജരാക്കി ഈ വാദവും പൊള്ളയാണെന്നു് ഇന്ത്യൻ ഉദ്യോഗസ്ഥന്മാർ തെളിയിച്ചു കൊടുത്തു.

ചൈനീസ് നിയമനുസരിച്ചു് കേന്ദ്രഗവർമെണ്ടിന്റെ അനുമതി കൂടാതെ ചൈനയുടെ അതിർത്തികടന്നു കാണിക്കുന്നയാതൊരു ഭൂപടവും ചൈനയിൽ പ്രസിദ്ധീകരിക്കാൻ പാടില്ലാത്തതിനാൽ, ഇന്ത്യൻ ഉദ്യോഗസ്ഥന്മാർ ഹാജരാക്കിയ ചൈനീസ് ഭൂപടങ്ങളും വ്യക്തമായും ആധികാരികങ്ങളും തന്നെയാണു്. ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടു് ഇന്ത്യാഗവർമെണ്ടു് 1962 ഫെബ്രുവരിയിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. പക്ഷെ, റിപ്പോർട്ടു് ചൈനയുടെ താല്പര്യങ്ങൾക്കു വിരുദ്ധമാകയാൽ, 1962 ഏപ്രിൽ വരെ അവർ അതു് പ്രസിദ്ധീകരിച്ചില്ല.

അതിത്തി സംഘട്ടനങ്ങൾ

ചൈന മനഃപൂർവ്വം ഇളക്കി വിടുന്ന അതിത്തി സംഘട്ടനങ്ങൾ അസ്സമിച്ചുടൻ ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൂടിയാലോചനകൾ നടത്തുവാൻ ഇന്ത്യ തയ്യാറാണെന്നു് ഇന്ത്യാ ഗവർമെണ്ടു് ആ മാസം ചൈനീസ് ഗവർമെണ്ടിനെ അറിയിക്കുകയുണ്ടായി. എന്നാൽ, കരിപ്പുകാം കൈമാറുകയും പ്രാരംഭചർച്ചകൾ നടത്തി വരികയും ചെയ്തുകൊണ്ടിരിക്കെ ചൈനീസ് സൈന്യം 1962 സെപ്റ്റംബർ എട്ടാം തിയ്യതി പെട്ടെന്നു് മക്മഹോൻ രേഖയ്ക്കടുത്തുള്ള കടക്കുകയാണു് ചെയ്തതു്. ഇടക്കത്തിൽ അതിത്തിയിലെ താവളങ്ങൾ തമ്മിലുള്ള പരിമിതമായ യുദ്ധമേ ഉണ്ടായുള്ളൂ. ഇന്ത്യ അതു് പ്രതീക്ഷിക്കുകയും അതിനു് തയ്യാറാവുകയും ചെയ്തിരുന്നു. പക്ഷെ, ചൈനയുടെ പിന്നത്തെ നീക്കം ഇന്ത്യക്കു് തികച്ചും അപ്രതീക്ഷിതമായിരുന്നു.

നഗ്നമായ ആക്രമണം

1962 ഒക്ടോബർ 20–ാംതീ- അതിർത്തിയുടെ മിക്കവാറും എല്ലാ ഭാഗങ്ങളിലും, യാതൊരു തയ്യാറെടുപ്പും നടത്താത്ത ഇന്ത്യയുടെ അതിത്തിസാവളങ്ങളുടെ നേർക്കു് ചൈനീസ് സൈന്യത്തിലെ നിരവധി ഡിവിഷനുകളും ആകസ്മികമായൊരു ആക്രമണം അഴിച്ചുവിട്ടു. ആ കന്നിയുദ്ധം പൂർണ്ണമായും ഉപയോഗപ്പെടുത്തികൊണ്ടു്, പൂർവ്വമേഖലയിലെ ഇന്ത്യൻ താവളങ്ങളെ ബ്രഹ്മപുത്രാ സമതലത്തിലേക്കു് തോല്പിച്ചോടിക്കുന്നതിൽ ചൈന വിജയിച്ചുകയും ചെയ്തു. നവംബർ 21–ാംതീ- ചൈനീസ് ഗവണ്മെണ്ടു് ആകസ്മികമായിതന്നെ ഏകപക്ഷീയമായൊരു വെടി നിർത്തൽ പ്രഖ്യാപനവും നടത്തുകയുണ്ടായി. പശ്ചിമമേഖല (ലഡാക്കു്) യിൽ കുറെ കൊല്ലങ്ങൾകൊണ്ടു് ആക്രമിച്ചു പിടിച്ച 14500 ചതുരശ്രമൈൽ ഇന്ത്യൻ പ്രദേശം കയ്യടക്കിവെക്കാനു് ചൈനീസ് സൈന്യം പൂർവ്വമേഖലയിൽ മക്മഹോൻ രേഖയുടെ വടക്കുഭാഗം വരെ പിൻവാങ്ങി.

ലക്ഷ്യം പിഴച്ച വെടി

ഇപ്രകാരം ചെയ്യുവാൻ മൂന്നുകാരണങ്ങളുണ്ടായിരുന്നു. അവ താഴെ കൊടുക്കുന്നവയാണു്. (1,16,000 മുതൽ18,000 അടിവരെ ഉയരത്തിലുള്ള പ്രദേശങ്ങളിൽ യുദ്ധം ചെയ്യാനുള്ള സജ്ജീകരണമോപരിശീലനമോ ഇന്ത്യൻ സൈന്യത്തിനു് ഉണ്ടായിരുന്നുവെങ്കിലും; സമതലത്തിൽവച്ചു് അവർ ചൈനീസ് സൈന്യത്തെ തോല്പിച്ചോടിക്കുമെന്നു് അവക്കു് അറിയാമായിരുന്നു. (2) ഇന്ത്യ ആയുധസഹായത്തിനു്ചില പാശ്ചാത്യശക്തികളേയും അഭ്യർത്ഥിക്കുകയും അവ ആയുധങ്ങളുമായി വന്നുകൊണ്ടിരിക്കുകയും ചെയ്തിരുന്നു. അന്തർദ്ദേശീയ സംഘട്ടനം കൊറിയൻ മാതൃകയിലുള്ള ഒരു യുദ്ധമായി പരിണമിച്ചാലുള്ള എല്ലാ സാദ്ധ്യതകളും ഉണ്ടായിരുന്നു. പക്ഷെ, ചൈന ഇതിനു് തയ്യാറായിരുന്നില്ല. (3) തങ്ങളുടെ മുന്നേറ്റത്തിന്റെ രാഷ്ട്രീയ പ്രത്യാഘാതങ്ങളെ കുറിച്ചു് ചൈന തികച്ചും തൊന്നായ കണക്കു് കൂട്ടലാണു് നടത്തിയതു്. തങ്ങളുടെ വൻതോതിലുള്ള ആക്രമണം കൊണ്ടു് നെഹ്റു ഗവർമെണ്ടു് നിലംപതിക്കുമെന്നും ഇന്ത്യൻ കമ്മ്യൂണിസ്റ്റു് പാർട്ടിയിലെ ചൈനാ അനുകൂലികളും അധികാരം പിടിച്ചെടുക്കുമെന്നും അവർപ്രതീക്ഷിച്ചിരുന്നു.

എന്നാൽ ആക്രമണത്തിന്റെ മുമ്പിൽ രാജ്യം പ്രശ്നിപ്പിച്ച ഐക്യം അവരെ അത്ഭുതപ്പെടുത്തുകയും ആശങ്കാകുലരാക്കുകയും ചെയ്തു. പീക്കിംഗിനു് പിടിച്ചു നൽകുന്നതിനുള്ള ചൈനയുടെ നിദ്ദേശമനുസരിച്ചു് ഇന്ത്യയിലെ 'പുരോഗമനവാദികൾ' എന്നു് വിളിക്കപ്പെടുന്നവർ പ്രകടനങ്ങളും പണിമുടക്കുകളും നടത്തിയില്ലെന്നു മാത്രമല്ല, രാജ്യം മുഴുവൻ അളന്തപൂപ്പുമാപവിധം ഒന്നിച്ചു് അണിനിരക്കുകയും ചെയ്തു. പണിമുടക്കുന്നതുകൊണ്ടല്ലെന്നും ഉല്പാദനം വർദ്ധിപ്പിക്കുമെന്നും തൊഴിലാളികൾ പ്രതിജ്ഞയെടുത്തു പീക്കിങ്ങിന്റെ അഭിപ്രായത്തിൽ 'നെഹ്റു ഗവണ്മെണ്ടിന്റെ മർമ്മത്തിൽ കഴിയുന്ന അദ്വാനിക്കുന്നജനവിഭാഗം' കഴിവിനെ അപേക്ഷിച്ചു് മറ്റേതൊരു വിഭാഗത്തേക്കാളും പ്രതിരോധയത്നത്തിനു് സംഭാവനനൽകുകയുണ്ടായി. തദ്ദേശയവും, പ്രാദേശികവും, ഭാഷാപരവുമായ എല്ലാ കലാപങ്ങളും നിലച്ചു. ഇന്ത്യ ഇതിനു മുമ്പു് ഒരിക്കലും ഈ വിധം ഒരുമിച്ചുനിന്നിട്ടില്ല.

